# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സ്ത്രീ സുരക്ഷാ നിയമം</u>

2047 ശ്രീ.അൻവർ സാദത്ത്
''പി. എ. മാധവൻ
''ലൂഡി ലൂയിസ്
''വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്ക് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സുരക്ഷയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റിന്മേൽ നിയമ ഭേദഗതി</u>

2048 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' കെ. അച്ചുതൻ
'' പാലോട് രവി
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007 ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് കൂടുതൽ ഫലപ്രദമാക്കുന്നതിന് നിയമ ഭേദഗതി കൊണ്ടുവരുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച നിയമനിർമ്മാണപ്രക്രിയ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

‘ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേയ്ക്ക്’ പദ്ധതി

2049 ശ്രീ. വര്‍ക്കല കഹാര്‍
,, ഷാഫി പറമ്പില്‍
,, വി. റ്റി. ബല്‍റാം
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ‘ജനമൈത്രി പോലീസ് വിദ്യാലയങ്ങളിലേയ്ക്ക്’ എന്ന പദ്ധതിക്കു രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തനരീതിയും എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) പൊതുസ്ഥലങ്ങളിലും, സ്കൂളുകളിലും, വീട്ടിലും, യാത്രയിലും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുവാന്‍ എന്തെല്ലാം കാര്യങ്ങള്‍ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 22.01.2014–ലെ മറുപടിക്ക്

<u>'നിർഭയകേരളം' പദ്ധതി</u>

2050 ശ്രീ. കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തരവകുപ്പ് 'നിർഭയകേരളം' പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിരൂപീകരണത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

**പോലീസ് സ്റ്റേഷനുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രദർശിപ്പിക്കൽ**

2051 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസ്യത നഷ്ടപ്പെടാതിരിക്കാനും മികച്ച സേവനം ഉറപ്പുവരുത്താനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റകൃത്യങ്ങളിൽ പങ്കുണ്ടെന്നോ, കുറ്റവാളികൾക്ക് കൂട്ടുനിന്നെന്നോ തെളിയുന്ന പോലീസ് ഉദ്യോഗസ്ഥരെ നിയമാനുസൃതമായ ശിക്ഷാനടപടികൾക്ക് വിധേയരാക്കുന്നുവെന്നും അവർക്കെതിരെ ത്വരിതഗതിയിൽ നടപടി സ്വീകരിക്കപ്പെടുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന ഹർജികൾ സംബന്ധിച്ച നിയമസഭാ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) പരാതിയുമായി പോലീസ് സ്റ്റേഷനിൽ എത്തുന്ന പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ചും ആയതു നിഷേധിക്കപ്പെട്ടാലുള്ള തുടർനടപടികളെക്കുറിച്ചുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇപ്പോഴും പ്രദർശിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിന് എല്ലാ പോലീസ് സബ് ഇൻസ്പെക്ടർമാർക്കും കർശന നിർദ്ദേശം നൽകുമോ;

(ഇ) നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയും പരാതികൾ നൽകാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ലോകായുക്തയുടെ ശാക്തീകരണം

2052 ശ്രീ. കെ. മുരളീധരൻ
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകായുക്തയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) നിലവിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(സി) ലോക്പാൽ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ ലോകായുക്തയ്ക്ക് കൂടുതൽ അധികാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>നിഷ്പക്ഷവും സത്യസന്ധവുമായ അന്വേഷണം</u>

2053 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിനെ സംബന്ധിക്കുന്ന ഹർജികളിൽ നിഷ്പക്ഷവും സത്യസന്ധവുമായ അന്വേഷണങ്ങൾ നടത്താൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥർ തന്നെ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുന്നതിനു പകരം മറ്റൊരു ഉന്നത തല ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന നിയസഭാസമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>പോലീസിനെ ഉപയോഗിച്ച് അധികാര ദുർവിനിയോഗം</u>

2054 ശ്രീ. എസ്. രാജേന്ദ്രൻ
,, എ. എം. ആരിഫ്
,, സി. കൃഷ്ണൻ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യപരവും നിയമാനുസൃതവുമായ മാനദണ്ഡമനുസരിച്ച് പോലീസിനെ പ്രവർത്തിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ;

(ബി) പോലീസ് അന്വേഷിക്കുന്ന കേസുകളിൽ, ചോദ്യം ചെയ്യുമ്പോൾ മാനസികാഘാതം ഏല്പിക്കുകയും മർദ്ദിക്കുകയും ചെയ്യുന്നതും തെളിവുകളും മൊഴികളും വ്യക്തമായി നിർമ്മിക്കുന്നതും നിരപരാധികൾ പീഡനങ്ങൾക്ക് വിധേയരാകുന്നതും സാധാരണ ജനങ്ങൾക്ക് പോലീസ് സംവിധാനത്തിലുള്ള വിശ്വാസ തകർച്ചക്കിടയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പോലീസിലെ അഴിമതി</u>

2055 പ്രൊഫ.സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, എം. ഹംസ
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജില്ലാ പോലീസ് മേധാവിയില്‍ നിന്നു പോലും കൈക്കൂലി വാങ്ങുന്ന നിലയില്‍ സംസ്ഥാനത്തെ പോലീസ് സംവിധാനം അഴിമതി നിറഞ്ഞതായി മാറിയിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് സേനയിലുള്ളവര്‍ പൊതുവില്‍ അഴിമതിക്കാരായി മാറുന്നതിനിടയാക്കുന്ന സാഹചര്യം സംബന്ധിച്ച് സര്‍ക്കാര്‍ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം സാഹചര്യങ്ങള്‍ ഇല്ലാതാക്കാന്‍ സര്‍ക്കാര്‍ മാതൃകാപരമായ നടപടിക്ക് തയ്യാറാകുമോ;

(ഡി) പോലീസില്‍ കൈക്കൂലി കൊടുത്ത് നിയമവിരുദ്ധ പ്രവര്‍ത്തനങ്ങള്‍ നടത്താന്‍ സാധിക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കുമോ;

(ഇ) അഴിമതിക്കാരെ കണ്ടെത്തുന്നതിനും മാറ്റി നിര്‍ത്താനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികള്‍ വ്യക്തമാക്കാമോ; അഴിമതി നടത്തിയതിന്റെ പേരില്‍ പോലീസ് ഉദ്യോഗസ്ഥര്‍ ഇപ്പോള്‍ സസ്പെന്‍ഷനില്‍ കഴിയുന്നുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

**<u>സംസ്ഥാന പോലീസ് മേധാവിക്കെതിരായ ഹൈക്കോടതി പരാമർശം</u>**

2056 ശ്രീ. എ.കെ. ബാലൻ
,, കെ.കെ. ജയചന്ദ്രൻ
,, ബി. സത്യൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഹു. ഹൈക്കോടതി തനിക്കെതിരെ നടത്തിയ പരാമർശങ്ങൾ നീക്കിക്കിട്ടാൻ സംസ്ഥാന പോലീസ് മേധാവി ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന ശ്രീ. സലിംരാജിനെതിരെ ഡി.ജി.പി. ഏതെല്ലാം കേസുകളിൽ എന്തെല്ലാം ശുപാർശകൾ സർക്കാരിന് നൽകിയിട്ടുണ്ടായിരുന്നു; ശുപാർശ ചെയ്ത ഏതെങ്കിലും നടപടി സർക്കാർ തടയുകയുണ്ടായോ;

(സി) കോൺസ്റ്റബിളായ സലിംരാജിനെ പോലീസ് മേധാവിക്ക് ഭയമാണോയെന്നും ഇയാൾക്കെതിരെ പരാതി കിട്ടിയിട്ടും നടപടി എടുക്കാത്തതെന്താണെന്നും ഹൈക്കോടതി ചോദിക്കാനിടയായ സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പരാമർശം മാറ്റിക്കിട്ടാൻ പോലീസ് മേധാവിയുടെ ആവശ്യാർത്ഥം കേരള സർക്കാർ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

പോലീസിലെ രാഷ്ട്രീയ ഇടപെടലുകൾ

2057 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രാകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ പ്രവർത്തനത്തിൽ രാഷ്ട്രീയ ഇടപെടലുകൾ ഇല്ലാതാക്കുന്ന സുപ്രീംകോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2010 ൽ പാസാക്കിയ പോലീസ് ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത കാലാവധിയും മാനദണ്ഡങ്ങളും ഉന്നത ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിൽ ലംഘിക്കപ്പെടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പോലീസിലെ ക്രിമിനൽവൽക്കരണം</u>

2058

ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിലെ ക്രിമിനൽവൽക്കരണം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസിലെ ക്രിമിനൽവൽക്കരണം തടയുന്നതിന് പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്യാൻ നടപടി</u>

2059 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് പോലീസ് പിടിച്ചെടുത്തതും കേസിൽ ഉൾപ്പെട്ടതുമായ എത്ര വാഹനങ്ങൾ നാളിതുവരെ വില്പന നടത്തി; ഇതിലൂടെ എത്ര തുക ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾ സംസ്ഥാനത്തെ വിവിധ പൊലീസ് സ്റ്റേഷനുകളിലായി ഇപ്പോൾ കെട്ടി കിടപ്പുണ്ട്;
ഇതിൽ സർക്കാർ വാഹനങ്ങളുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ നശിച്ചു പോകും മുമ്പ് ലേലം ചെയ്ത് സർക്കാരിന് മുതൽ കൂട്ടുവാൻ മറ്റ് ചില സംസ്ഥാനത്തുള്ളതുപോലുള്ള നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോ; വിശദമാക്കുമോ;

(ഡി) പോലീസ് മണൽകടത്ത് വാഹനങ്ങളിൽനിന്നും പിടിച്ചെടുത്ത എത്ര ലോഡ് മണൽ, മണ്ണ്, കരിങ്കൽ, പാറപ്പൊടി തുടങ്ങിയവ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കിടപ്പുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇവ ആവശ്യക്കാർക്ക് ലേലം ചെയ്ത് കൊടുത്ത് സർക്കാരിന് മുതൽകൂട്ടുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ, വാഹന ഉടമ പിഴ അടച്ച് തിരിച്ചെടുക്കുമ്പോൾ വാഹനങ്ങളിൽനിന്നും ബാറ്ററിയടക്കമുള്ള ഉപകരണങ്ങൾ മോഷ്ടിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത്തരത്തിൽ എത്ര കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇത് സംബന്ധിച്ച് എത്ര പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിൽ ജനപ്രതിനിധികൾക്കുള്ള അവകാശങ്ങൾ</u>

2060 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.എൽ.എ.മാർ, എക്സ്-എം.എൽ.എ.മാർ, ത്രിതലപഞ്ചായത്ത് പ്രസിഡന്റുമാർ, അംഗങ്ങൾ എന്നിവർക്ക് പോലീസ് സ്റ്റേഷനുകളിൽ അനുവദനീയമായ അവകാശങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അവകാശങ്ങൾ ഉറപ്പുവരുത്തുവാൻ പോലീസ് സ്റ്റേഷനുകളിൽ ചുമതലയുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>വി.ഐ.പി. സുരക്ഷയുടെ ചുമതല</u>

2061

ശ്രീ. വി. ശിവൻകുട്ടി
ശ്രീമതി കെ. കെ. ലതിക
ശ്രീ. സാജു പോൾ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.ഐ.പി. സുരക്ഷയുടെ ചുമതല ആർക്കാണ്; വി.ഐ.പി. സുരക്ഷ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ നിലവിലുള്ള സുരക്ഷാ സംവിധാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെ യാത്രാവേളയിൽ, വിമാനത്താവളങ്ങളിൽ നിന്ന് യാത്ര അയക്കുന്നതും തിരികെ വരുമ്പോൾ സ്വീകരിക്കുന്നതും വീട്ടിലേക്കുള്ള യാത്രാ സംവിധാനം ഉറപ്പാക്കുന്നതും സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമാണോ; അല്ലെങ്കിൽ അതിന്റെ ചുമതല നിക്ഷിപ്തമായിരിക്കുന്നത് ആരിലാണ്; വ്യക്തമാക്കുമോ;

(ഡി) മുഖ്യമന്ത്രിക്കും ഓഫീസിനുമായി എത്ര വാഹനങ്ങൾ അലോട്ട് ചെയ്തിട്ടുണ്ട്; അതു കൂടാതെ ഏതെല്ലാം വാഹനങ്ങൾ മുഖ്യമന്ത്രിയുടെ ഓഫീസ് ഉപയോഗിക്കുന്നുണ്ട്; മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ എത്ര ഡ്രൈവർമാരുണ്ട്;

(ഇ) ഇക്കഴിഞ്ഞ ഡിസംബർ രണ്ടാം തീയതി മുഖ്യമന്ത്രി തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നും സ്വകാര്യ ടാക്സിയിൽ ക്ലിഫ് ഹൗസിലേക്ക് പോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത സംഭവം ആരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയുടെ ഫലമായിരുന്നു; ആരെല്ലാമാണിതിനുത്തരവാദികളെന്ന് കണ്ടെത്തുകയുണ്ടായോ; കുറ്റക്കാർക്കെ

**കേരള നിയമസഭ**
**22.01.2014-ലെ മറുപടിക്ക്**

തിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ജി) സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ കസേരയിൽ മറ്റൊരാൾ വന്നിരുന്ന കേസിൽ പ്രതി ശിക്ഷിക്കപ്പെടുകയുണ്ടായോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>കേസുകൾ സി. ബി. ഐ. അന്വേഷണത്തിന് വിടുന്നതിന്റെ മാനദണ്ഡം</u>

2062 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' ജെയിംസ് മാത്യു
'' എസ്. ശർമ്മ
ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് അന്വേഷിച്ച് കുറ്റപത്രം കോടതികളിൽ സമർപ്പിക്കപ്പെട്ട കേസുകൾ പിന്നീട് സി. ബി. ഐ. അന്വേഷണത്തിന് വിടുന്നത് സംബന്ധിച്ച സർക്കാർ നിലപാടും മാനദണ്ഡവും വ്യക്തമാക്കാമോ;

(ബി) രാഷ്ട്രീയ നേതാക്കൾ ആരോപിതരോ പ്രതികളോ ആയ എല്ലാതരം കേസുകളും സി. ബി. ഐ.ക്ക് വിടുക എന്ന നയം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇത്തരത്തിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ട എത്ര കേസുകൾ നിലവിലുണ്ട്;

(സി) കുറ്റപത്രം കോടതികളിൽ സമർപ്പിക്കപ്പെട്ട കേസുകളിൽ സി. ബി. ഐ. അന്വേഷണം ആവശ്യപ്പെട്ട് രാഷ്ട്രീയപ്രേരിതമായി ലഭിക്കുന്ന ഹർജികളിന്മേൽ സ്വീകരിക്കുന്ന നടപടികൾ എന്താണ്; ഇത്തരത്തിലുള്ള എത്ര ഹർജികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്; ഇതിൽ സി. ബി. ഐ.ക്ക് വിട്ട കേസുകൾ എത്ര; വിശദമാക്കാമോ;

(ഡി) രാഷ്ട്രീയാവശ്യങ്ങൾക്കനുസൃതമായി ഇത്തരം ഹർജികളിൽ നിലപാട് സ്വീകരിക്കുന്നതും ചില കേസുകളെ മുൻനിർത്തി, രാഷ്ട്രീയ പ്രേരിതമായി ഉണ്ടാകുന്ന സമ്മർദ്ദങ്ങൾക്ക് സർക്കാർ വഴങ്ങുന്നതും ശരിയാണോ; കേരള ഹൈക്കോടതി തന്നെ ഇത്തരം നിലപാടുകളെ വിമർശിച്ചതായി അറിയാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഓഫീസുകളിലെത്തുന്ന കുറ്റവാളികളുടെ ഡേറ്റാ ബാങ്ക്</u>

2063 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ ഓഫീസുകൾ കുറ്റവാളികളുടെ താവളമായിമാറിയെന്ന് സംസ്ഥാന ഡി.ജി.പി. വിശദീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രസ്താവനയ്ക്ക് ആധാരമായ വിഷയങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇതോടനുബന്ധിച്ച ഡി.ജി.പി.യുടെ 7-9-2013-ലെ ടി.5/11238/12 നമ്പർ ഉത്തരവിൽ എന്തെല്ലാം സൂചിപ്പിച്ചിട്ടുണ്ടെന്നും ഇതിൻപ്രകാരം എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇതിൻപ്രകാരം കുറ്റവാളികളുടെ ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഡാറ്റാബാങ്കിലുള്ളവരിൽ എത്ര പോലീസ് ഉദ്യോഗസ്ഥരാണുള്ളത്; അവർ ആരെല്ലാം എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ഡാറ്റാ ബാങ്ക് പ്രകാരം സോളാർ തട്ടിപ്പുൾപ്പെടെ സംസ്ഥാനത്ത് നടന്ന വിവിധയിനം തട്ടിപ്പിൽ പങ്കാളികളായ എത്ര ക്രിമിനലുകൾ മുഖ്യമന്ത്രിയുടെ ഓഫീസ് ഉൾപ്പെടെ വിവിധ മന്ത്രി ഓഫീസുകളിൽ എത്തിയിട്ടുണ്ട്; അവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(ജി) ഡാറ്റാബാങ്ക് തയ്യാറാക്കിയശേഷം അതിന്റെ ലോഗ് ഇൻ ഐഡിയും പാസ്‌വേഡും ആഭ്യന്തര വകുപ്പിന് കൈമാറാതെ മുഖ്യമന്ത്രിയുടെ ഓഫീസിൽ കൈമാറാൻ

നിർദ്ദേശിച്ചതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(എച്ച്) മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും ഓഫീസുകളിലെത്തുന്ന ക്രിമിനലുകളെക്കുറിച്ച് പ്രസ്തുത ഓഫീസുകളിലെ സുരക്ഷാ ഉദ്യോഗസ്ഥർ എന്തെങ്കിലും റിപ്പോർട്ടുകൾ ആഭ്യന്തര വകുപ്പിന് നാളിതുവരെ നൽകിയിട്ടുണ്ടോ: എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

നിയമവിരുദ്ധമായ പ്രസിദ്ധീകരണങ്ങളുടെ നിരോധനം

2064 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും പത്രങ്ങളോ പ്രസിദ്ധീകരണങ്ങളോ ആഭ്യന്തര വകുപ്പ് നിരോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പുസ്തകശാലകളിലാണ് പോലീസ് റെയ്ഡ് നടത്തിയിട്ടുള്ളത്;

(സി) നിയമവിരുദ്ധമായ പ്രസിദ്ധീകരണങ്ങൾ പിടിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പുസ്തകങ്ങളാണെന്ന് വിശദമാക്കുമോ; പ്രസിദ്ധീകരണശാലക്കെതിരെ കേസ് എടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ ഗുണ്ടാനിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടവർ</u>

2065

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണ്ടാനിയമപ്രകാരം 2013 വർഷത്തിൽ പാലക്കാട് ജില്ലയിൽ എത്ര പേർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) എത്ര പേരെ അറസ്റ്റ് ചെയ്തു; എത്ര പേരെ വിട്ടയച്ചു; എത്ര പേർ ശിക്ഷ അനുഭവിക്കുന്നുണ്ട്;

(സി) ഭൂമാഫിയ, മണൽകടത്ത്, കൊള്ളപ്പലിശക്കാർ, ക്വട്ടേഷൻ തുടങ്ങിയ സംഘങ്ങളിൽപ്പെട്ട എത്ര ഗുണ്ടകൾക്കെതിരെയാണ് നിലവിൽ നടപടി സ്വീകരിച്ചുവരുന്നത്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ബ്ലേഡ് പലിശക്കാരെ നിയന്ത്രിക്കാൻ നടപടി</u>

2066 ശ്രീ.കെ.രാധാകൃഷ്ണൻ
,, രാജു എബ്രഹാം
,, എ.എം.ആരിഫ്
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുമ്പെന്നത്തേക്കാളും ശക്തമായി ബ്ലേഡ് പലിശക്കാർ വളരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊടുംപലിശയ്ക്ക് പണം കടംകൊടുത്ത് സാധാരണക്കാരെ ചൂഷണം ചെയ്യുന്ന ഇത്തരക്കാർക്കെതിരെ ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എന്തുകൊണ്ടാണ്;

(സി) ഇത്തരം അനധികൃത ബ്ലേഡ് പലിശക്കാരെ നിയന്ത്രിക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) നിയന്ത്രിക്കേണ്ടുന്നവർ തന്നെ ബ്ലേഡ്മാഫിയകൾക്ക് കൂട്ടുനിൽക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ; അന്യായ പലിശ ഈടാക്കലും അത്തരം സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നതും സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) വസ്തുവിന്റെ ആധാരം വാങ്ങി ഭൂമി തട്ടിയെടുക്കാനും ആർ.സി.ബുക്കുപയോഗിച്ച് വാഹനങ്ങൾ തട്ടിയെടുക്കാനും ശ്രമിച്ച എത്ര കേസുകൾ സംസ്ഥാനത്ത് ഈ കാലയളവിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ബ്ലേഡ് മാഫിയകളുടെ പ്രവർത്തനം</u>

2067 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലൈഡ് മാഫിയകളുടെ അതിക്രമങ്ങൾ സംബന്ധിച്ച് ഈ സർക്കാരിന് എത്ര പരാതികൾ ലഭിച്ചു; അവയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ബ്ലേഡ് മാഫിയ സംസ്ഥാനത്ത് എത്രപേരുടെ വസ്തുവകകൾ, കെട്ടിടം തുടങ്ങിയവ മാഫിയതലവൻമാരുടെ പേരിലാക്കിയത് സംബന്ധിച്ച പരാതികൾ ലഭിച്ചു; അവയിൽ എന്ത് നടപടി സ്വീകരിച്ചു; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ബ്ലേഡ് മാഫിയയുടെ ആക്രമണത്തിന് വിധേയമായിട്ടുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ മരണപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ, ജീവിതം വഴിമുട്ടിയവർ ഉൾപ്പെട്ട കേസ്സുകൾ ഏതെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തുള്ള ബ്ലേഡ് മാഫിയകളെ കണ്ടെത്താൻ ഈ സർക്കാർ എത്ര പോലീസ് റെയ്ഡുകൾ നടത്തി; എത്രപേരെ പിടികൂടി; ഇവരിൽനിന്നു എത്ര തുക പിടിച്ചെടുത്തു; അവയിൽ കുറ്റകാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പോലീസിന് പരാതി ലഭിച്ചിട്ടും ഇതേവരെ റെയ്ഡോ പരിശോധനയോ നടത്താത്ത എത്ര ബ്ലേഡ് മുതലാളിമാർ നിലവിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തശേഷം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എത്ര ബ്ലേഡ്/പലിശ സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് പോലീസ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് അവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

## കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

(ജി) ഇത്തരം കേസിൽ ഉൾപ്പെട്ട പോലീസ് ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>സാമൂഹ്യവിരുദ്ധ പ്രവര്‍ത്തനം തടയല്‍</u>

2068 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യവിരുദ്ധ പ്രവര്‍ത്തനം (തടയല്‍) നിയമ പ്രകാരം ഈ സര്‍ക്കാര്‍ എത്രപേരെ പിടികൂടിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഗുണ്ടാ നിയമം നിലവിലുണ്ടായിട്ടും കേരളത്തില്‍ വ്യാപകമായി ഗുണ്ടാ വിളയാട്ടം നടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തില്‍ പോലീസ് നടപ്പിലാക്കിയ നടപടികള്‍ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

താലിബാൻ മോഡൽ ക്വട്ടേഷൻ സംഘം

2069

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വെണ്ടുട്ടായിയിലെ ഒഴിഞ്ഞ കേന്ദ്രത്തിൽ താലിബാൻ മോഡൽ ക്വട്ടേഷൻ സംഘം പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇതിനെതിരെ പോലീസ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>തീവ്രവാദ–ഭീകരവാദപ്രസ്ഥാനങ്ങളുടെ പ്രവര്‍ത്തനങ്ങള്‍ നിയന്ത്രിക്കാന്‍ സംവിധാനം</u>

2070 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്ത് തീവ്രവാദ–ഭീകരവാദപ്രസ്ഥാനങ്ങളുടെ പ്രവര്‍ത്തനങ്ങള്‍ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങള്‍ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

വെണ്ടുട്ടായിയിൽ പ്രവർത്തിക്കുന്ന ക്വട്ടേഷൻ സംഘം

2071 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെണ്ടുട്ടായിയിൽ പ്രവർത്തിക്കുന്ന ക്വട്ടേഷൻ സംഘത്തിലെ ആരൊക്കെ, ഏതൊക്കെ കേസ്സുകളിൽ പ്രതിയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ആരുടെയൊക്കെ പേരിൽ ഗുണ്ടാനിയമപ്രകാരം കേസ്സ് എടുത്തിട്ടുണ്ട്; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക തട്ടിപ്പുകൾ തടയാൻ നടപടി</u>

2072 ശ്രീ. എം. എ. ബേബി
,, ഇ. പി. ജയരാജൻ
,, കെ. സുരേഷ്കുറുപ്പ്
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിക്ഷേപതട്ടിപ്പ്, വിസ തട്ടിപ്പ്, റിക്രൂട്ട്മെന്റ് തട്ടിപ്പ്, ഷെയർ മാർക്കറ്റ് തട്ടിപ്പ്, വിദ്യാർത്ഥി പ്രവേശന തട്ടിപ്പ് തുടങ്ങിയ സാമ്പത്തിക തട്ടിപ്പുകൾ സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ട് വർഷം പോലീസ് രജിസ്റ്റർ ചെയ്ത തട്ടിപ്പ്കേസുകളുടെ എണ്ണവും അതുവഴി തട്ടിപ്പ് നടത്തപ്പെട്ട മൊത്തം തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(സി) ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം സാമ്പത്തിക തട്ടിപ്പുകളിൽ കേരളത്തിന്റെ സ്ഥാനം എത്രയാണ്;

(ഡി) തട്ടിപ്പുകാർ ഏറെയും ഉന്നത ഔദ്യോഗിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഒരിക്കൽ തട്ടിപ്പ് നടത്തിയവർ തന്നെ വീണ്ടും തട്ടിപ്പ് നടത്തിക്കൊണ്ടിരിക്കുകയും അവർക്ക് ഭരണരംഗത്തുനിന്ന് സഹായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം സർക്കാരിനറിയാമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>സാമ്പത്തികതട്ടിപ്പുകേസുകൾ</u>

2073 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി സംസ്ഥാനത്ത് എത്ര സാമ്പത്തികതട്ടിപ്പു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) ഈ സാമ്പത്തിക തട്ടിപ്പുകേസുകളിൽ എത്ര രൂപയുടെ സാമ്പത്തികനഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി സംസ്ഥാനത്ത് സോളാർ വൈദ്യുതിപാനൽ നിർമ്മിച്ചുനൽകാമെന്ന് പറഞ്ഞ് വഞ്ചിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ ഓരോ കേസുകളിലും ആരൊക്കെയാണ് പ്രതികളെന്ന് വെളിപ്പെടുത്താമോ;

(ഇ) ടി കേസുകളിൽ വാദികൾക്ക് നൽകാനുള്ള എത്ര തുക ഏതൊക്കെ കേസുകളിൽ ഇതിനകം കൊടുത്തു തീർത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(എഫ്) സോളാർ തട്ടിപ്പുകേസുമായി ബന്ധപ്പെട്ട് പ്രതികൾ കബളിപ്പിച്ച എത്ര കോടി രൂപ ഇതിനകം പ്രതികളിൽ നിന്ന് കണ്ടുകെട്ടാനായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ജി) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട ഓരോ കേസിലും ആരൊക്കെയാണ് വാദികൾ എന്നും ഓരോ കക്ഷികളിൽ നിന്നും എത്ര തുക വീതമാണ് പ്രതികൾ കൈക്കലാക്കിയതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മോഷണവും കവർച്ചയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ</u>

2074

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് വീടുകളിൽ മോഷണവും കവർച്ചയും നടത്തിയതുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) മോഷണവും കവർച്ചയും നടത്തുന്നതിനിടയിൽ മോഷ്ടാവിന്റെ ആക്രമണത്തിൽ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് സാരമായി പരിക്ക് പറ്റിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് മോഷണവും കവർച്ചയും പിടിച്ചുപറിയും കൂടിവരുന്നത് തടയാൻ പോലീസ് പരാജയപ്പെടുന്നതിന്റെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>സമരം നടത്തിയതിനെതിരെ എടുത്ത കേസുകൾ</u>

2075 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സമരം നടത്തിയ എത്രപേർക്കെതിരെ കേസുകൾ എടുത്തിട്ടുണ്ട്; ഇതിൽ എത്രപേരെ ജയിലിലടച്ചിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്രപേരെ നാടുകടത്താൻ ഉത്തരവായിട്ടുണ്ടെന്നും ഇതിൽ ആർക്കെല്ലാം എതിരായ നടപടി പിൻവലിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നാടുകടത്താൻ വിധേയരായവരേക്കാൾ കൂടുതൽ ക്രിമിനൽ കേസുകളിൽ പ്രതികളായവർ കേരളത്തിലില്ല എന്ന് സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ക്രൈം കേസുകളും രാഷ്ട്രീയ കൊലപാതക കേസുകളും</u>

2076 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; കൊല്ലപ്പെട്ടവരുടെ രാഷ്ട്രീയ കക്ഷി ബന്ധം വിശദമാക്കാമോ;

(സി) ഈ രാഷ്ട്രീയകൊലപാതകകേസുകളിൽ ഓരോ കേസിലെയും എത്ര പ്രതികളെ ഇതിനകം അറസ്റ്റുചെയ്തെന്നും എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിച്ചെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ആയുധ ലൈസൻസുകൾ പുതുക്കി നൽകുന്നതിലെ കാലതാമസം</u>

2077 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുധ ലൈസൻസുകൾ പുതുക്കി നൽകുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമാനുസൃതം ലഭിച്ച ലൈസൻസുകൾ പുതുക്കി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇതുപ്രകാരം ആലുവ റൂറൽ പോലീസ് ജില്ലയിൽ തീരുമാനം എടുക്കാത്ത എത്ര അപേക്ഷകളുണ്ട് എന്നറിയിക്കുമോ;

(ഡി) കെട്ടികിടക്കുന്ന എല്ലാ അപേക്ഷകളും തീർപ്പാക്കി സമയബന്ധിതമായി ലൈസൻസ് നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സ്വർണ്ണക്കടത്ത്</u>

2078 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ എയർപോർട്ടുകളിലായി 2013 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ എത്ര കോടി രൂപയുടെ സ്വർണ്ണമാണ് അനധികൃതമായി കടത്തിയത് പിടിച്ചെടുത്തിട്ടുള്ളത് എന്നതിന്റെ വിവരം ലഭ്യമാക്കുമോ;

(ബി) സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ഇതിൽ എത്ര ഉദ്യോഗസ്ഥർ ഉൾപ്പെടുന്നുണ്ട്;

(സി) സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിദേശശക്തികൾക്ക് പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിക്കുനേരെ കണ്ണൂരിൽ നടന്ന ആക്രമണസംഭവത്തിലെ സുരക്ഷാവീഴ്ച</u>

2079 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ മുഖ്യമന്ത്രിയുടെ വാഹനത്തിനുനേരെ നടന്ന കല്ലേറിൽ സുരക്ഷാവീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ;

(ബി) മുഖ്യമന്ത്രിയുടെ വാഹനം കടന്നുപോകുന്നതിനുള്ള റൂട്ട് നിശ്ചയിച്ചത് ആരായിരുന്നു;

(സി) ഏതു തരത്തിലുള്ള വാഹനമാണ് പ്രസ്തുതപരിപാടിക്ക് മുഖ്യമന്ത്രി ഉപയോഗിച്ചിരുന്നതെന്ന് അറിയിക്കുമോ;

(ഡി) അതീവസുരക്ഷ ലഭിക്കേണ്ട മുഖ്യമന്ത്രിയെപ്പോലുള്ളവർക്ക് ഉപയോഗിക്കാൻ യോഗ്യമായ വാഹനമായിരുന്നോ അന്ന് ഉപയോഗിച്ചതെന്നു വ്യക്തമാക്കുമോ;

(ഇ) പ്രസ്തുതവാഹനത്തിൽ മുഖ്യമന്ത്രിക്കുവേണ്ടി നിയോഗിച്ച ഗൺമാൻ ഉണ്ടായിരുന്നോ എന്നും, ഗൺമാൻ വാഹനത്തിൽ ഏതു സീറ്റിലായിരുന്നുവെന്നും വ്യക്തമാക്കുമോ;

(എഫ്) ഇക്കാര്യത്തിൽ പോലീസിന് എന്തെങ്കിലും വീഴ്ച പറ്റിയതായി കരുതുന്നുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് ചീഫ് വിപ്പ് തൊടുപുഴയില്‍ ആക്രമിക്കപ്പെട്ട സംഭവം</u>

2080 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവണ്‍മെന്റ് ചീഫ് വിപ്പിനെ തൊടുപുഴയില്‍ വാഹനം തടഞ്ഞുനിര്‍ത്തി ആക്രമിച്ച സംഭവം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഏത് രാഷ്ട്രീയ പാര്‍ട്ടിക്കാരാണ് ആക്രമണം നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) ആക്രമണവുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും അവരുടെ പേരില്‍ ഏതെല്ലാം വകുപ്പു പ്രകാരമാണ് കേസെടുത്തതെന്നും തീയതി സഹിതം വെളിപ്പെടുത്തുമോ; ഇല്ലെങ്കില്‍ കേസെടുക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആക്രമണവുമായി ബന്ധപ്പെട്ട് അതേ പാര്‍ട്ടിയിലെ ഭാരവാഹികള്‍ ഉള്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അവരുടെ പേരും പാര്‍ട്ടി ഭാരവാഹിത്വവും വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ആക്രമണവുമായി ബന്ധപ്പെട്ട് ഗവണ്‍മെന്റ് ചീഫ് വിപ്പ് പരാതി നല്‍കിയിട്ടുണ്ടോ; എങ്കില്‍ പരാതിയുടെ പകര്‍പ്പ് മേശപ്പുറത്തുവയ്ക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ആക്രമണക്കേസുകൾ</u>

2081 ശ്രീ. കെ.രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരായി നടന്ന എത്ര ആക്രമണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(ബി) ഇവയിൽ എത്ര കേസുകൾ 'പട്ടികജാതി - പട്ടികവർഗ്ഗ (അതിക്രമം തടയൽ) ആക്റ്റ്' അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ആക്രമണക്കേസുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും, എത്ര കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) പട്ടികജാതി-വർഗ്ഗക്കാർക്കെതിരായി നടക്കുന്ന ആക്രമണങ്ങളിൽ പലപ്പോഴും പ്രതികളെ പിടികൂടാൻ കാലതാമസം വരുത്തുകയും, ആക്ട് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് നിശ്ചിത സമയത്തിനുള്ളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കാതിരിക്കുകയും ചെയ്യുന്നത് പ്രസ്തുത വിഭാഗം ജനങ്ങളോടുള്ള അനീതിയല്ലെ; വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഇപ്രകാരം പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ആരാധനാലയങ്ങളിലെ കവർച്ചക്കേസുകൾ</u>

2082

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ക്ഷേത്രങ്ങളിലും പള്ളികളിലും നടന്ന മോഷണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകളിൽ കളവുമുതൽ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്;

(സി) ഇനിയും തെളിയിക്കപ്പെടാനുള്ള കേസ്സുകൾ എത്രയെണ്ണമുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പ് കേസ്</u>

2083 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ കേസുമായി ബന്ധപ്പെട്ട് ശ്രീമതി സരിതാ നായർക്കെതിരെയുള്ള കേസുകളിൽ ഏതെല്ലാം വകുപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ടിയാളിനെതിരെ എത്ര കോടതികളിലായാണ് കേസുകൾ നിലനിൽക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പുകേസിൽ ഒത്തുതീർപ്പ്</u>

2084 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പുകേസിൽ പ്രതി ശ്രീമതി സരിതാ നായർ 2014 ജനുവരി 9 വരെ കേസുകൾ ഒത്തുതീർക്കുന്നതിനായി ചിലവഴിച്ച തുകയെത്ര ;

(ബി) ഈ തുക ലഭ്യമായതിനെ സംബന്ധിച്ച് പോലീസ് അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പോലീസ് അന്വേഷണം നടത്തുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

**പട്ടികജാതി– പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കെതിരെയുള്ള അതിക്രമങ്ങളും കേസുകളും**

2085 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി പട്ടികവര്‍ഗ്ഗ (അതിക്രമം തടയല്‍) ആക്ട് 1989 പ്രകാരം 2001 മുതല്‍ രജിസ്റ്റര്‍ ചെയ്ത കേസുകള്‍ എത്ര;

(ബി) കുറ്റപത്രം കോടതിയില്‍ നല്കാത്ത കേസുകള്‍ ഉണ്ടോ; ഉണ്ടെങ്കില്‍ എത്ര;

(സി) അന്വേഷണം പൂര്‍ത്തിയായ കേസുകള്‍ എത്ര; ഇനിയും അറസ്റ്റു ചെയ്യാനുള്ളവര്‍ എത്ര;

(ഡി) സ്ത്രീകള്‍ക്കും കുട്ടികള്‍ക്കുമെതിരെയുള്ള അതിക്രമങ്ങള്‍ എത്ര; സ്ത്രീപീഡനകേസുകള്‍ എത്ര; കൊലപാതക കേസുകള്‍ എത്ര?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

**തീവ്രവാദ ബന്ധമുള്ളവരുടെ അക്കൗണ്ട് മുഖേന കാസര്‍ഗോഡ് എത്തിയ തുകയുടെ വിതരണം**

2086

ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തീവ്രവാദ ബന്ധത്തിന്റെ പേരില്‍ ബീഹാര്‍ പോലീസ് അറസ്റ്റ് ചെയ്ത മംഗളൂരു ദമ്പതികളായ അയിഷാ ബാനു, ഭര്‍ത്താവ് സുബൈര്‍ എന്നിവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പാക്കിസ്ഥാന്‍, സൗദി അറേബ്യ എന്നീ രാജ്യങ്ങളില്‍ നിന്ന് വന്ന തുക കാസര്‍ഗോഡ്, ഉപ്പള, മഞ്ചേശ്വരം എന്നിവിടങ്ങളില്‍ വിതരണം ചെയ്തിട്ടുണ്ടെന്ന പ്രതികളുടെ മൊഴിയായി വന്നിട്ടുള്ള പത്രവാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതു സംബന്ധിച്ച് സംസ്ഥാന സര്‍ക്കാര്‍ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ വെണ്ടുട്ടായിലെ ക്വട്ടേഷൻ സംഘത്തിന്റെ നേതൃത്വം</u>

2087

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വെണ്ടുട്ടായിയിൽ പ്രവർത്തിക്കുന്നതായി പറയുന്ന ക്വട്ടേഷൻ സംഘം ആരുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സംഘത്തിൽ എത്ര പേരുണ്ട് എന്നും ഇവർ ആരൊക്കെയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ടൗണിലെ പോലീസിന് ബ്ലേഡ് ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധം</u>

2088 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ടൗണിലെ പോലീസിന് ബ്ലേഡ് ക്വട്ടേഷൻ സംഘങ്ങളുമായുള്ള ബന്ധത്തെ സംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

### വീട് കയറി ആക്രമണം

2089 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരൂർ നെടുമ്പറമ്പ് രേഖാഭവനിൽ ദേവദാസന്റെ കുടുംബത്തിനുനേരെയുള്ള വീട് കയറി ആക്രമണം നടത്തിയ സംഭവുമായി ബന്ധപ്പെട്ട കേസന്വേഷണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ കേസിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പീഡിപ്പിക്കുന്നതിനെതിരെയുള്ള വകുപ്പുകൾ ചേർത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളാണ് ചേർത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**22.01.2014-ലെ മറുപടിക്ക്**

<u>കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

2090

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുട്ടികൾക്കെതിരെയുള്ള അതിക്രമത്തിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള അതിക്രമങ്ങൾ നിയന്ത്രിക്കുന്നതിന് പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ കർമ്മ പദ്ധതി</u>

2091 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കൂരാച്ചുണ്ട് വിദ്യാർത്ഥിനിയെ കാണാതായ കേസ്</u>

2092 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ പൂവ്വത്തുംചോല, കുന്നുംപുറത്ത് ശ്രീമതി സിന്ധുബാബുവിന്റെ മകൾ കുമാരി ജ്യോതി ബാബു എന്ന വിദ്യാർത്ഥിനിയെ കാണാതായത് സംബന്ധിച്ച് കൂരാച്ചുണ്ട് പോലീസ് സ്റ്റേഷനിൽ ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ അറിയിക്കാമോ;

(സി) കുറ്റാരോപിതനായ വ്യക്തിയെ അറസ്റ്റുചെയ്യുന്നതിന് പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സ്ത്രീ സംരക്ഷണ നിയമം</u>

2093 ശ്രീമതി കെ. കെ. ലതിക
,, പി. അയിഷാ പോറ്റി
ഡോ. കെ. ടി. ജലീൽ
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബലാത്സംഗത്തിന് വിധേയയായ സ്ത്രീ വാക്കാൽ പരാതിപ്പെട്ടാൽ കേസെടുത്തിരിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടോ; പാർലമെന്റ് പാസാക്കിയ സ്ത്രീ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമം നിലവിൽ വന്നത് എന്ന് മുതലാണ്; അതിനുശേഷം എത്ര കേസ്സുകളിൽ പ്രസ്തുത നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി;

(സി) സോളാർ കേസിലെ പ്രതി ശ്രീമതി സരിതാ നായർ താൻ ബലാത്സംഗത്തിന് വിധേയയായതായി മൊഴി നൽകിയിരുന്നുവെന്ന് എറണാകുളത്തെ എ.സി.ജെ.എം. ശ്രീ. എൻ. വി.രാജു കേരള ഹൈക്കോടതി രജിസ്ട്രാർക്ക് മുന്നിൽ ബോധിപ്പിച്ചിട്ടുള്ളതായി സർക്കാരിനറിയാമോ;

(ഡി) ഇതേ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായോ; ആർക്കെല്ലാം എതിരായിട്ടായിരുന്നു മൊഴി; ഇതു സംബന്ധിച്ച് ശ്രീമതി സരിത എസ്. നായരുടെ ഭർത്താവ് എന്തെങ്കിലും മൊഴി നൽകിയിട്ടുണ്ടായിരുന്നുവോ; മൊഴികളുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ</u>

2094 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാളിതുവരെ സ്ത്രീപീഡനം, സ്ത്രീകളുടെ കൊലപാതകം, സ്ത്രീധനപീഡനം, ബലാത്സംഗം, പെൺകുട്ടികളുടെ തിരോധാനം, വിദ്യാർത്ഥിനികളുടെ ആത്മഹത്യകൾ, മോഷണത്തിനിടെ സ്ത്രീകളുടെ കൊലപാതകം/ബലാത്സംഗം തുടങ്ങിയ എത്ര കേസുകൾ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് തരം തിരിച്ച് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തു; എത്ര കേസുകളിൽ പ്രതികളെ പിടികൂടാനുണ്ടെന്നത് ഓരോന്നും തരം തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിനുള്ളിൽ സംസ്ഥാനത്ത് സ്കൂളുകൾ/കോളേജുകൾ കേന്ദ്രീകരിച്ച് പെൺവാണിഭ റാക്കറ്റ് പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകുന്നത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; ആയതിൽ എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കൊല്ലം അഷ്ടമുടിക്കായലിൽ നടന്ന പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും സ്ത്രീപീഡന പരാതി ആഭ്യന്തര വകുപ്പിന് ലഭിച്ചുവോ; എങ്കിൽ ഏത് പോലീസ് സ്റ്റേഷനിലാണ് പ്രസ്തുത പരാതി ലഭിച്ചത്; ആരാണ് പരാതിക്കാരി; ആർക്കെതിരെയാണ് പരാതി നൽകിയിട്ടുള്ളത്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് പോലീസ് എഫ്. ഐ. ആർ. തയ്യാറാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിനുള്ളിൽ ഇത്തരം സ്ത്രീപീഡന കേസുകളിൽ പ്രതികളായ എത്ര പോലീസ് ഉദ്യോഗസ്ഥർ സംസ്ഥാനത്തുണ്ട്; ഇതിൽ വകുപ്പുതല അന്വേഷണം നേരിടുന്നവർ എത്ര; സസ്പെൻഷൻനിൽ കഴിയുന്നവർ എത്ര; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

രജിസ്റ്റര്‍ ചെയ്ത സ്ത്രീപീഡനകേസുകള്‍

2095 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നാളിതുവരെയായി സംസ്ഥാനത്ത് എത്ര സ്ത്രീപീഡനകേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കാലയളവില്‍ എത്ര ബലാല്‍സംഗകേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ടി കാലയളവില്‍ കുട്ടികള്‍ക്കെതിരെയുള്ള അതിക്രമം സംബന്ധിച്ച് എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രായപൂര്‍ത്തിയാകാത്ത പെണ്‍കുട്ടികളെ പീഡിപ്പിച്ച എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) പട്ടികജാതി-പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കെതിരായി നടന്ന അതിക്രമം സംബന്ധിച്ച് എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>പന്തിരിക്കര പെൺവാണിഭക്കേസ്</u>

2096

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന പന്തിരിക്കര പെൺവാണിഭക്കേസ് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ് അന്വേഷണത്തിന് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ടോ എന്നും സംഘത്തിലെ അംഗങ്ങൾ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രത്യേക അന്വേഷണസംഘം ആരെയെങ്കിലും ചോദ്യം ചെയ്യുകയോ അറസ്റ്റുചെയ്യുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതികൾക്കെതിരെ സമയബന്ധിതമായി കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിന് അന്വേഷണ സംഘം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ജാനകിക്കാട് പെൺവാണിഭക്കേസിന്റെ അന്വേഷണം</u>

2097 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഇക്കോടൂറിസം മേഖലയായ ജാനകിക്കാട് കേന്ദ്രീകരിച്ച് നടന്ന സ്കൂൾ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട പെൺവാണിഭക്കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) നാളിതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത കേസിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം എന്നത്തേക്ക് സമർപ്പിക്കാൻ കഴിയും എന്നറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

പന്തിരിക്കര സ്കൂൾ വിദ്യാർത്ഥിനികളെ ഉപയോഗിച്ച് നടത്തിയ പെൺവാണിഭം

2098 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്തിരിക്കര സ്കൂൾ വിദ്യാർത്ഥിനികളെ ഉപയോഗിച്ച് നടത്തിയ പെൺവാണിഭവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നു വെളിപ്പെടുത്തുമോ;

(ബി) കേസുകളിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പീഡനത്തിനിരയായ പെൺകുട്ടിയുടെ രക്ഷിതാവ് പോലീസിൽ പരാതി നൽകിയിരുന്നോ; എങ്കിൽ പരാതി എപ്പോഴാണ് നൽകിയതെന്നും എപ്പോഴാണ് പോലീസ് നടപടി സ്വീകരിച്ചതെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ചാലക്കുടി പോലീസ് സ്റ്റേഷനിലെ 800/ODTN/L1/13 നമ്പർ കേസ്സിന്റെ അന്വേഷണം</u>

2099 ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പോലീസ് സ്റ്റേഷനിൽ 2013-ൽ രജിസ്റ്റർ ചെയ്ത 800/ODTN/L1/13-ാം നമ്പർ കേസ്സിന്റെ അന്വേഷണപുരോഗതി വിശദമാക്കുമോ; ഇതിൽ ആരെല്ലാമാണു പ്രതികളെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ് നൽകിയതാരാണെന്നും, കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും വ്യക്തമാക്കുമോ;

(സി) ഈ കേസ് നൽകിയ വ്യക്തിക്കെതിരെ വധശ്രമത്തിനു പ്രത്യേകം കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും, രജിസ്റ്റർ ചെയ്ത സമയം എപ്പോഴാണെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം കേസ്സെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കാണാതായവരെക്കുറിച്ചുള്ള അന്വേഷണം</u>

2100 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാണാതായവരെക്കുറിച്ചുള്ള കേസുകളിൽ പോലീസ് സ്റ്റേഷനുകളിൽ പരാതികൾ ലഭിച്ചാൽ ഗൗരവപൂർവ്വമായി അന്വേഷണം നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാണാതായവരെക്കുറിച്ച് ചേർത്തല പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുള്ള പരാതികളിൽ ഇനിയും ആളെ കണ്ടെത്താത്ത എത്ര കേസുകൾ അവശേഷിക്കുന്നുയെന്ന് പറയുമോ; അവയുടെ അന്വേഷണ പുരോഗതി വിശദമാക്കുമോ;

(സി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാണാതായവരെക്കുറിച്ചുള്ള കേസുകൾ അന്വേഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ഭൂമി ഇടപാട് കേസ്സിന്റെ അന്വേഷണം

2101 ശ്രീ.തോമസ് ചാണ്ടി
''എ. കെ. ശശിന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ മുന്‍ ഗണ്‍മാന്‍ ശ്രീ. സലീംരാജ് ഉള്‍പ്പെട്ട ഭൂമി ഇടപാട് കേസിന്റെ അന്വേഷണം സി. ബി. ഐ–യെ ഏല്പ്പിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ശ്രീ. സലീംരാജ് ഉള്‍പ്പെട്ട പ്രസ്തുത ഭൂമി തട്ടിപ്പ് കേസില്‍ ഇതുവരെ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ജവാൻ അബീഷ് ശിവന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം

2102 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശാഖപട്ടണത്തുവച്ച് 6-10-2013-ന് അബീഷ് ശിവൻ എന്ന മലയാളി ജവാൻ കൊല ചെയ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊലപാതകം സംബന്ധിച്ച് ഊർജ്ജിതമായി അന്വേഷിക്കുവാൻ ആന്ധ്ര സർക്കാരിനോടും കേന്ദ്ര ഏജൻസികളോടും ആവശ്യപ്പെടുമോ;

(സി) മലയാളി ജവാന്റെ കൊലപാതകത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>രഘു കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി</u>

2103 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാന്റിൽവച്ച് രഘു എന്നയാൾ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേസിൽ മൂന്നാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; മൂന്നാം പ്രതിക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൾ കരീമിന്റെ തിരോധാനം</u>

2104 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൾ കരീം എന്നയാളുടെ തിരോധാനം സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച അന്വേഷണത്തിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

മുതുവിള ശ്രീ. ബൈജുവിന്റെ ദുരൂഹമരണത്തിലുള്ള കേസ് അന്വേഷണം

2105 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ കല്ലറ, മുതുവിള കല്ലുവരമ്പിൽ വീട്ടിൽ ശ്രീമതി ജഗദാംബികയുടെ മകനും ശ്രീമതി രമ്യയുടെ ഭർത്താവുമായ ബൈജുവിനെ 11.11.2012 പകൽ 11 മണിക്ക് വീട്ടിൽനിന്നും വിളിച്ചിറക്കിക്കൊണ്ടുപോവുകയും പിറ്റേന്ന് രാവിലെ ദുരൂഹസാചര്യത്തിൽ രക്തം വാർന്ന് മരണപ്പെട്ടുകിടന്നതുമായി ബന്ധപ്പെട്ട് പാങ്ങോട് പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ആരാണ് പ്രസ്തുത പരാതി നൽകിയിട്ടുള്ളത്;

(സി) ബൈജുവിനെ വീട്ടിൽനിന്നും വിളിച്ചിറക്കിക്കൊണ്ടുപോയത് ആരാണ് എന്ന് പരാതിയിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(ഡി) ഈ കുറ്റകൃത്യവുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന മറ്റാരുടെയെങ്കിലും പേരുകൾ പ്രസ്തുത പരാതിയിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(ഇ) ഇവർക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തുകയോ പ്രതികളെ തിരിച്ചറിയുകയോ കേസ് രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടുണ്ടോ;

(എഫ്) മരണപ്പെട്ട ബൈജുവിന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിലും ഫോറൻസിക് റിപ്പോർട്ടിലും മരണകാരണം എന്താണെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

(ജി) ഈ കേസ് തേച്ചുമാച്ചുകളയുന്നതിന് ശ്രമം നടക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(എച്ച്) ഇത് സംബന്ധമായ പരാതി ആറ്റിങ്ങൽ ഡി.വൈ.എസ്.പി., തിരുവനന്തപുരം റൂറൽ എസ്.പി., ആഭ്യന്തര വകുപ്പുമന്ത്രി എന്നിവർക്ക് ലഭിച്ചിട്ടുണ്ടോ;

(ഐ) ഇതിന്മേൽ എന്തുനടപടികളാണ് സ്വീകരിച്ചതെന്നും ഈ കേസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ;

(ജെ) ലോക്കൽപോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ, മറ്റേതെങ്കിലും അന്വേഷണ ഏജൻസിയെ ഈ കേസന്വേഷണത്തിന്റെ ചുമതല ഏൽപ്പിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>പോലീസ് സേനയിൽ നടന്ന നിയമനം</u>

2106 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയിൽ പുതുതായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും ഇതിൽ കാസർഗോഡ് ജില്ലയിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പോലീസ് ക്വാര്‍ട്ടേഴ്സുകളിലെ അനധികൃത താമസക്കാരെ ഒഴിപ്പിക്കാന്‍ നടപടി</u>

2107 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ അധികാര പരിധിയിലുള്ള ക്വാര്‍ട്ടേഴ്സുകളില്‍ സ്വന്തം പേരില്‍ അനുവദിച്ച ക്വാര്‍ട്ടേഴ്സുകള്‍ മറ്റുള്ളവര്‍ക്ക് നിയമാനുസൃതമല്ലാതെ താമസത്തിന് നല്‍കിയിട്ടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള അനധികൃത താമസക്കാരെ ഒഴിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അനധികൃത താമസം നിരുത്സാഹപ്പെടുത്തുന്നതിന് മതിയായ പരിശോധന നടത്തുന്നതിനായി സംവിധാനം ഏര്‍പ്പെടുത്തുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>പോലീസ് ക്യാന്റീനിന്റെ പ്രവര്‍ത്തനം</u>

2108 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പോലീസ് ക്യാന്റീനില്‍ അംഗത്വം എടുത്തിട്ടുള്ളവരുടെ എണ്ണം എത്രയാണ്; അംഗത്വം എടുക്കുന്നതിന് എത്ര തുകയാണ് ഓരോരുത്തരില്‍ നിന്നും ഈടാക്കുന്നത്; ഈ തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം നല്‍കുമോ;

(ബി) ക്യാന്റീനിലുള്ള സ്റ്റോക്ക് ഐറ്റം ഡിസ്പ്ലേ ശരിയായ രീതിയിലല്ല പ്രദര്‍ശിപ്പിക്കുന്നത് എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പത്തനംതിട്ട ജില്ലയിലെ പോലീസ് ക്യാന്റീന്‍ അടൂരില്‍ നിന്നും അഞ്ച് കിലോമീറ്റര്‍ അകലത്തില്‍ പൊതുവാഹന സൗകര്യമില്ലാത്ത സ്ഥലത്താകയാല്‍ പൊതുവാഹന സൗകര്യമുള്ള അടൂര്‍ ടൗണിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പോലീസുകാരുടെ സീനിയോറിറ്റി ക്രമപ്പെടുത്താൻ നടപടി</u>

2109

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരേ പി.എസ്.സി. ലിസ്റ്റിൽ നിന്നും കെ.എ.പി.3-ാം ബറ്റാലിയനിൽ പരിശീലനം പൂർത്തീകരിച്ച് ഓപ്ഷൻ പ്രകാരം പത്തനംതിട്ട ജില്ലയിലേക്ക് സ്ഥലം മാറിയ ശേഷം റേഞ്ച് പ്രൊമോഷൻ പ്രകാരം പോലീസുകാർ കൊല്ലം ജില്ലയിൽ സീനിയർ സബ് ഇൻസ്പെക്ടർമാരായി നിയമിക്കപ്പെടുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം നിയമിക്കപ്പെടുമ്പോൾ അതേ പി.എസ്.സി. ലിസ്റ്റിൽ പെട്ട് പരിശീലനം പൂർത്തീകരിച്ച പോലീസുകാർ കൊല്ലം ജില്ലയിൽ എച്ച്.സി. ആയി മാത്രം ജോലിയിൽ തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരേ ബാച്ചുകാരായി ഒരേ ബറ്റാലിയനിൽ പരിശീലനം പൂർത്തീകരിക്കുകയും ഓപ്ഷൻ നൽകി ജില്ല മാറിയ ശേഷം റേഞ്ച് പ്രൊമോഷൻ വഴി ഉണ്ടാകുന്ന ഈ സീനിയോറിറ്റി പ്രശ്നം ക്രമപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കമാൻഡന്റ്, ഡെപ്യൂട്ടി കമാൻഡന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ</u>

2110 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ജില്ലാ ആംഡ് റിസർവ് വിഭാഗത്തിൽ കമാൻഡന്റ്, ഡെപ്യൂട്ടി കമാൻഡന്റ് എന്നീ തസ്തികകളിൽ ഇപ്പോൾ എത്ര ഒഴിവുകളാണുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ ഒഴിവുകൾ എവിടെയൊക്കെയാണെന്നും എന്നുമുതലാണ് ഒഴിവുകളുണ്ടായതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ എന്നത്തേയ്ക്ക് നികത്താൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ഹോം ഗാർഡുകളുടെ സേവനവേതനവ്യവസ്ഥകൾ

2111 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹോം ഗാർഡുകളുടെ സേവനവേതനവ്യവസ്ഥകൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഹോം ഗാർഡുകൾക്ക് ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ചാൽ ചികിത്സാസഹായം നൽകുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) ഹോം ഗാർഡുകളുടെ നിലവിലുള്ള വേതനം വർദ്ധിപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം റേഞ്ചിൽ ആംഡ് റിസർവ്വിലെ ഗ്രേഡ് എസ്. ഐ. മാരുടെ അപ്ഗ്രേഡേഷൻ</u>

2112 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റേഞ്ചിൽ ആംഡ് റിസർവ്വിലെ ഗ്രേഡ് എസ്. ഐ. മാരെ അപ്ഗ്രേഡ് ചെയ്യാനുള്ള സർക്കാർ ഉത്തരവ് റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സർക്കാർ ഉത്തരവിന്റെ ആനുകൂല്യം നാല് പേർക്ക് നൽകാൻ ഇരുപത് മാസം കഴിഞ്ഞിട്ടും കഴിയാത്തതിന്റെ കാരണമെന്ത്;

(സി) സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

**കൊല്ലം റൂറൽ ജില്ലയിൽ പോലീസ് കൺട്രോൾ റൂം ആരംഭിക്കാൻ നടപടി**

2113

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ജില്ലയിൽ പോലീസ് കൺട്രോൾ റൂം നാളിതുവരെയായി അനുവദിക്കപ്പെടാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) റൂറൽ ജില്ലയിൽ പോലീസ് കൺട്രോൾ റൂം ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

മലപ്പുറം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിലെ സബ് – ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

2114 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിരവധി പോലീസ് സ്റ്റേഷനുകളിൽ സബ് ഇൻസ്പെക്ടറുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് സബ് ഇൻസ്പെക്ടർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

കെ. എ. പി. ബറ്റാലിയനിലെ പോലീസുകാരുടെ സ്ഥലംമാറ്റം

2115

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. ഒ. നമ്പർ.239/12 തീയതി 29.12.12 പ്രകാരം കെ. എ. പി. മൂന്നാം ബറ്റാലിയനിൽ നിന്നും എത്ര പോലീസുകാർക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്;

(ബി) 2013 വർഷത്തിൽ കൊല്ലം ജില്ലയിൽ നിന്നും എത്ര പോലീസുകാർ വിരമിച്ചിട്ടുണ്ട്;

(സി) പ്രസ്തുത സ്ഥലംമാറ്റത്തിനും വിരമിക്കലിനും ആനുപാതികമായി കെ. എ. പി. മൂന്നാം ബറ്റാലിയനിൽ നിന്നും പോലീസുകാർക്ക് കൊല്ലം എ. ആർ. ലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ടോ; ഇല്ലാത്തപക്ഷം ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ക്രിമിനൽ കേസിൽ പ്രതികളായ പോലീസുകാർ</u>

2116

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിലെ എത്ര പേർ ക്രിമിനൽ കേസ്സിൽ പ്രതിയായിട്ടുണ്ട്; ഇവരുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതുപ്രകാരം എത്രപേർക്കെതിരെ ആഭ്യന്തര വകുപ്പ് ശിക്ഷാനടപടി എടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥർ</u>

2117 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ക്രമിനൽ സ്വഭാവമുള്ള എത്ര പോലീസ് ഉദ്യോഗസ്ഥർ പോലീസ് സേനയിൽ ഉണ്ടെന്നും ഇവർക്കെതിരെ കേസുകൾ നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>നായരമ്പലം ശ്രീ. സാബുവിനെ പോലീസ് മർദ്ദിച്ച സംഭവം</u>

2118 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട നായരമ്പലം നെടുങ്ങാട് മൂലേത്തറ വീട്ടിൽ ശ്രീ. സാബു എന്ന യുവാവിനെ പോലീസ് കസ്റ്റഡിയിൽ വച്ച് ക്രൂരമായി തല്ലിച്ചതച്ച സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടിയെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പോലീസ് കസ്റ്റഡിയിലെടുത്തത് ഏത് ദിവസം എത്ര മണിക്കാണെന്നും, എവിടെനിന്നെന്നും കസ്റ്റഡിയിലെടുക്കുന്നതിനുള്ള കാരണമെന്താണെന്നും, ടിയാന്റെ പേരിൽ പരാതി ലഭിച്ചിരുന്നുവോയെന്നും വ്യക്തമാക്കാമോ :

(സി) ടിയാന്റെ പേരിൽ മുൻകാലത്ത് ഏതെങ്കിലും ക്രിമിനൽ കേസ് നിലവിലുണ്ടായിരുന്നുവെങ്കിൽ വിശദീകരിക്കാമോ ;

(ഡി) ഈ യുവാവ് ഉൾപ്പെട്ട കേസ്സിലെ എതിർ കക്ഷികൾ ആരൊക്കെയാണെന്നും, ഇവരുടെ പേരിൽ മുൻകാല കേസ്സുകളുണ്ടെങ്കിൽ ആയതിന്റെയും വിശദാംശം വ്യക്തമാക്കാമോ ;

(ഇ) പോലീസ് മർദ്ദനത്തിനെതിരെ പരാതി നൽകിയതെന്നാണെന്നും ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് പരാതിപ്പെട്ടതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വഞ്ചിയൂർ ശ്രീ. ഷൈനിനെ പോലീസ് മർദ്ദിച്ച സംഭവം</u>

2119 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരവാരം ഗ്രാമപഞ്ചായത്തിലെ വഞ്ചിയൂർ പട്ട്ള, ഗോകുലത്തിൽ ശ്രീ. ഷൈനിനെ ആറ്റിങ്ങൽ സ്റ്റേഷനിലെ പോലീസുകാർ മർദ്ദിച്ച സംഭവത്തിൽ സമഗ്ര അന്വേഷണം ആവശ്യപ്പെട്ടും കുറ്റക്കാരായ പോലീസുകാർക്കെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ടും സ്ഥലം എം. എൽ. എ. ആഭ്യന്തരമന്ത്രിക്ക് നൽകിയ നിവേദനത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ടിയാന്റെ മാതാപിതാക്കൾ നൽകിയ പരാതിയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് കംപ്ലൈന്റ് അതോറിറ്റിക്കും മനുഷ്യവകാശ കമ്മീഷനും ഇത് സംബന്ധിച്ചുള്ള പരാതി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശ്രീ. ഷൈനിനെ മർദ്ദിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുവിവരവും ഉദ്യോഗപ്പേരും അവർക്കെതിരെ സ്വീകരിച്ച നടപടിയും വിശദമാക്കാമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>അഡ്വ. ബിജിലി ജോസഫിന്റെ പോലീസ് കസ്റ്റഡി</u>

2120 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബീച്ചിൽ പോയ അഡ്വ. ബിജിലി ജോസഫിനെയും കുടുംബത്തെയും അന്യായമായി കസ്റ്റഡിയിലെടുത്ത് ജീപ്പിൽ നഗരം ചുറ്റിച്ചതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ആഭ്യന്തരവകുപ്പുമന്ത്രിക്ക് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഇതുപ്രകാരം കുറ്റക്കാർക്കെതിരെ എന്തു നടപടികളാണു സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

### <u>ആലപ്പുഴ അഭിഭാഷക ദമ്പതികൾക്കെതിരെയുണ്ടായ പോലീസ് അതിക്രമം</u>

2121 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഡിസംബർ 29–ാം തീയതികളിൽ ആലപ്പുഴ ബീച്ച് ഫെസ്റ്റിവൽ കാണുന്നതിനായി എത്തിയ ആലപ്പുഴബാറിലെ അഭിഭാഷക ദമ്പതികളെ അവിടെയുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ മാനസികമായി പീഡിപ്പിക്കുകയും കയ്യേറ്റം ചെയ്തതുമായും ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കണ്ണൂരിലെ മെട്രോ മനോരമയിൽ വന്ന വാർത്ത</u>

2122 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഒക്ടോബർ 23 ബുധനാഴ്ച കണ്ണൂരിലെ മെട്രോ മനോരമയിൽ 'ഖദറിട്ട പ്രമുഖന്റെ ഗുണ്ടാരാജ്' എന്ന് വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ശ്രീ. സുലൈമാന്റെ പരാതി

2123 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പ് മന്ത്രിക്ക് ശ്രീ. സുലൈമാൻ എന്നയാൾ 15/6/2013ന് 720/VIP/2013 നമ്പരിൽ നല്കിയ പരാതിയിന്മേൽ ഇതേവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പരാതിയെക്കുറിച്ച് അന്വേഷിട്ടുണ്ടോ; പരാതി അന്വേഷിച്ച ഉദ്യോഗസ്ഥൻ ആരാണ്;

(സി) ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>തിരുവല്ല നടപ്പാതയിൽ സ്റ്റേജ് കെട്ടി പൊതുപരിപാടി</u>

2124 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല എസ്.സി.എസ്. കവലയിൽ ജോയ് ആലുക്കാസ് എന്ന സ്ഥാപനത്തിന്റെ കെട്ടിടത്തിന്റെ മുമ്പിൽ നടപ്പാതയിൽ സ്റ്റേജ് കെട്ടിയും, എം.സി. റോഡിൽ കസേരകളിട്ടും 2013 ഡിസംബർ 31–ാം തീയതി വൈകുന്നേരം പൊതുപരിപാടി നടത്തിയതിനു പോലീസ് അനുമതി നൽകിയിരുന്നോ;

(ബി) ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പരിപാടി അവിടെ നടത്തുന്നതിന് മൈക്ക് സാങ്ഷൻ നൽകിയിരുന്നോ;

(സി) അനുമതി നൽകിയിട്ടുണ്ടെങ്കിൽ അത് അംഗീകൃതമാനദണ്ഡങ്ങൾക്കു വിരുദ്ധമല്ലേ; അനുമതി നൽകിയിട്ടില്ലെങ്കിൽ തിരുവല്ല ആർ.ഡി.ഒ.യും സി.ഐ.യും ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ നടന്ന പരിപാടിക്കെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ പരിപാടിയുടെ സംഘാടകർ ആരെല്ലാമാണ്;

(ഇ) പി.ഡബ്ല്യൂ.ഡി. റോഡിൽ സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള പരിപാടി നടന്ന സ്ഥലത്ത് വാഹനാപകടം ഉണ്ടായതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ഫയൽ സമർപ്പണം ഓൺലൈൻവഴി നടപ്പാക്കൽ</u>

2125 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഭരണവിഭാഗത്തിൽ ഫയൽ സമർപ്പണം ഓൺലൈൻവഴി നടപ്പാക്കുന്നതിനായി ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം (ഐ.എ.പി.എസ്.) സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ ആയതിനായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സംവിധാനം സമ്പൂർണ്ണമായി നടപ്പിലാക്കുന്നതോടെ പോലീസ് വകുപ്പിലെ ഫയൽ നടപടിക്രമത്തിലുള്ള കാര്യക്ഷമത സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ ?

## കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

മാടായി, മാട്ടൂൽ പ്രദേശങ്ങളിലെ അനധികൃത പൂഴി മണൽ ഖനനം

2126 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ പ്രദേശങ്ങളിൽ നടക്കുന്ന അനധികൃത പൂഴി മണൽ ഖനനം തടയുന്നതിന് ആഭ്യന്തര വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

വൈപ്പിൻ നിയോജകമണ്ഡലത്തിലെ അനധികൃത മദ്യ-മയക്കുമരുന്ന് വില്പന സംബന്ധിച്ച കേസുകൾ

2127 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2013 ജനുവരി മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ അനധികൃത മദ്യ-മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും സംബന്ധിച്ച എത്ര കേസുകൾ എടുത്തിട്ടുണ്ടെന്നും ഈ കേസുകളിൽ സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകൾ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് വിശദീകരിക്കുമോ;

(സി) പ്രസ്തുത കേസുകളിൽ എക്സൈസ് വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിച്ച കേസുകളെത്രയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ഹെൽമെറ്റ് പരിശോധന</u>

2128 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തിരുവണ്ണൂരിൽ പൊലീസിന്റെ ഹെൽമറ്റ് പരിശോധനക്കിടെ രണ്ട് മോട്ടോർ സൈക്കിൾ യാത്രക്കാർ മരണമടഞ്ഞത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഡോ. ഇളങ്കോവൻ ഐ.എ.എസ്സിനെ ചുമതലപ്പെടുത്തിയിരുന്നുവോ ;

(ബി) എങ്കിൽ അദ്ദേഹം ഇത് സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പടന്നക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ചുങ്കം പിരിവിൽ നടന്ന ക്രമക്കേടുകൾ</u>

T.2129 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പടന്നക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ചുങ്കം പിരിവിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം കേസുകളിലാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചതെന്ന് അറിയിക്കാമോ;

(സി) കുറ്റപത്രം സമർപ്പിക്കുവാൻ ഇനിയും ബാക്കിയുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും ഇവയുടെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്</u>

2130

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുത്തൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ച് ഉത്തരവായത് എന്നാണ്;

(ബി) പ്രസ്തുത പദ്ധതി സ്കൂളിൽ ആരംഭിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത സ്കൂളിലെ കുട്ടികൾക്ക് എസ്.പി.സി. പ്രകാരം പരിശീലനത്തിന് തീയതി നിശ്ചയിച്ചിട്ട് ആയത് മാറ്റി വയ്ക്കുന്നതിനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിൽ വികലാംഗർക്കു പ്രത്യേകം കൗണ്ടർ</u>

2131 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സ്റ്റേഷൻ മാതൃകയിൽ ഭിന്നശേഷിയുള്ളവരുടെ ആവലാതികൾ കേൾക്കാനും പരാതികൾ സ്വീകരിക്കുവാനും പ്രത്യേകം കൗണ്ടറുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ, കാരണം വിശദീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മെട്രോപ്പൊലിറ്റൻ പോലീസ് കമ്മീഷണറേറ്റ്</u>

2132 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ മെട്രോപ്പൊലിറ്റൻ പോലീസ് കമ്മീഷണറേറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, എന്തെല്ലാം അധികാരങ്ങളാണ് കമ്മീഷണർക്കു നൽകിയിട്ടുള്ളത്; ഏതു റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് കമ്മീഷണർ ആയി നിയമിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കാസര്‍കോഡ് ജില്ലയിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകള്‍</u>

2133 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍കോഡ് ജില്ലയിലെ ഏതൊക്കെ സ്റ്റേഷനുകളാണ് ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രവര്‍ത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജനമൈത്രി പോലീസിന്റെ പ്രവര്‍ത്തനത്തിന് ജില്ലയില്‍ എത്ര പോലീസ് ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും സ്റ്റേഷനും തസ്തികയും തിരിച്ച് വ്യക്തമാക്കുമോ;

(സി) ജനമൈത്രി പോലീസ് സ്റ്റേഷനുകളില്‍ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ മാനദണ്ഡം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ</u>

2134 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുളള മുൻഗണനാ പട്ടികയിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ സ്ഥലങ്ങൾ ഉൾപ്പെടുന്നുണ്ട്;

(സി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കൊടുവള്ളി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് ഭരണാനുമതി</u>

2135 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഭൂമി അനുവദിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തത് ഏത് തീയതിയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ആരായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് ഭരണാനുമതി ലഭ്യമാക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

പൂക്കാട് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ

2136

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച കൊയിലാണ്ടി മണ്ഡലത്തിൽ പൂക്കാട് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിൽ പുരോഗമിച്ച് വരുന്ന നടപടി വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ എന്തെങ്കിലും നടപടികൾ പുരോഗമിക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പെരിമ്പിലാവ് ആസ്ഥാനമായി പോലീസ് സ്റ്റേഷൻ</u>

2137

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനമേഖലകൊണ്ടും, കേസ്സുകളുടെ ബാഹുല്യംകൊണ്ടും സംസ്ഥാനത്ത് മുൻപന്തിയിൽ നിൽക്കുന്ന കുന്നംകുളം പോലീസ് സ്റ്റേഷൻ വിഭജിച്ച് പെരിമ്പിലാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്നാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ചെറുപുഴയിൽ പുതിയ പോലീസ് സ്റ്റേഷൻ

2138 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ വിഭജിച്ച് ചെറുപുഴ കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പെരുമ്പാവൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കൽ</u>

2139 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ വാഹനബാഹുല്യവും ഗതാഗതക്കുരുക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെയധികം യാത്രാവാഹനങ്ങളും ഭാരവണ്ടികളും കടന്നുപോകുന്ന പെരുമ്പാവൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ഫയർഫോഴ്സ് ജീവനക്കാരുടെ ഗ്രേഡ് പ്രൊമോഷൻ

2140 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർമാൻ തസ്തികയിലും ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികയിലുമുള്ള ജീവനക്കാർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ;

(ബി) ഒന്നാമത്തെ സമയബന്ധിത ഗ്രേഡ് വാങ്ങുന്ന ഫയർമാൻ, ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ എന്നീ തസ്തികകൾക്ക് പുതിയ പേര് നൽകുന്നതിനും രണ്ടാമത്തെ ഗ്രേഡ് നേടുന്നവരെ പുതിയ തസ്തികയായി അംഗീകരിച്ച് പുതിയ പേര് നൽകുന്നതും സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ;

(സി) മറ്റ് ഡിപ്പാർട്ട്മെന്റുകളെ അപേക്ഷിച്ച് പ്രൊമോഷൻ സാധ്യത വളരെ കുറവായതിനാൽ അത്തരം കാര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും ജീവനക്കാർക്ക് അംഗീകാരം നൽകുന്നതിനുമുള്ള തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ഫയർ സ്റ്റേഷനുകളുടെ നവീകരണം</u>

2141 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫയർ സ്റ്റേഷനുകളുടെ എണ്ണം എത്രയാണ്; സ്വന്തമായി കെട്ടിടം ഉള്ളവ, ഇല്ലാത്തവ, ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സ്വന്തമായി ഭൂമിയില്ലാത്ത ഫയർ നിലയങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും പുതിയ കെട്ടിടം പണിയുന്നതിനും ഒരു പ്രത്യേക സമിതിക്ക് സംസ്ഥാനതലത്തിൽ രൂപം നൽകുന്നതിന് തീരുമാനം കൈക്കൊള്ളുമോ;

(സി) ഫയർ നിലയങ്ങളിൽ ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ഫയർസർവ്വീസ് അക്കാഡമിയിലും സ്റ്റേഷനുകളിലും പുതിയ തസ്തിക

2142 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർ സ്റ്റേഷനുകളിലെ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തിക 2 ആയും ലീഡിംഗ് ഫയർമാൻ തസ്തിക 8 ആയും ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) തൃശ്ശൂർ ഫയർ സർവ്വീസ് അക്കാഡമിയിൽ എ.എസ്.റ്റി.ഒ., എസ്.റ്റി.ഒ., എ.ഡി.ഒ. തസ്തികകളുടെ എണ്ണം കൂട്ടുന്നതിനും ഡി.ഒ. തസ്തിക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഫയർ സർവ്വീസ് അക്കാഡമിയിലേക്ക് ലക്ച്ചർമാരെ നിയമിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ ;

(ഡി) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നതിന് ഫയർ സർവ്വീസ് അക്കാഡമിയിൽ പ്രത്യേക സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ശാസ്താംകോട്ട - കുണ്ടറ ഫയർ നിലയങ്ങൾക്ക് ആംബുലൻസും ഹൈഡ്രോളിക് ഉപകരണങ്ങളും

2143 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട - കുണ്ടറ ഫയർ നിലയങ്ങളിൽ അംബുലൻസ്, ജീപ്പ്, ഹൈഡ്രോളിക് ഉപകരണങ്ങൾ എന്നിവ ഇല്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ദുരന്തസ്ഥലങ്ങളിൽ ഉപയോഗിക്കുന്ന 'ആസ്ക്കാ ലൈറ്റ്' പ്രസ്തുത സ്റ്റേഷനുകളിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കൊല്ലം ജില്ലാ കളക്ട്രേറ്റിൽ സൂക്ഷിച്ചിട്ടുള്ള ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ; ഇതിൽ എന്തൊക്കെ ഉപകരണങ്ങൾ ഏതെല്ലാം ഫയർ നിലയങ്ങൾക്ക് നൽകി; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>പരവൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം</u>

2144

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം പരവൂർ ഫയർ സ്റ്റേഷന് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ, കെട്ടിടം നിർമ്മിക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ശേഷിക്കുന്ന സ്ഥലം വിട്ടുനൽകണമെന്ന്
ആവശ്യപ്പെട്ട് ജനപ്രതിനിധികൾ ബന്ധപ്പെട്ടവർക്ക് അപേക്ഷ നൽകുകയും അതിന്മേൽ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തുവെങ്കിലും മേൽനടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

(സി) പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുകയോ, ബന്ധപ്പെട്ട ജനപ്രതിനിധികൾക്ക് മറുപടി നൽകുകയോ ചെയ്യാത്ത കാര്യം ഗൗരവമായി കാണുന്നുവോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>പേരാവൂർ ഫയർ സ്റ്റേഷനു സ്വന്തം കെട്ടിടം</u>

2145 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാവൂർ ഫയർ സ്റ്റേഷനു സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, എന്തു നടപടിയാണ് അതിനായി സ്വീകരിച്ചിട്ടുള്ളത്;

(സി) ഇല്ലെങ്കിൽ, പേരാവൂർ ഫയർ സ്റ്റേഷനു കെട്ടിടം നിർമ്മിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ഇരിട്ടി ഫയർ സ്റ്റേഷൻ നവീകരണം</u>

2146 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഇരിട്ടിയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫയർ സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ഉപ്പള ഫയർസ്റ്റേഷൻ നവീകരണം</u>

2147 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഉപ്പള ഫയർസ്റ്റേഷന് കെട്ടിടമില്ലാത്തതുൾപ്പെടെ നിരവധി അസൗകര്യങ്ങൾ നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയർ സ്റ്റേഷന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉപ്പള ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

### വൈപ്പിന്‍ മണ്ഡലത്തില്‍ ഫയര്‍ സ്റ്റേഷന്‍

2148

ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പെട്രോനെറ്റ് എല്‍.എന്‍.ജി., വല്ലാര്‍പാടം കണ്ടെയ്നര്‍ ടെര്‍മിനല്‍ തുടങ്ങിയ പദ്ധതികള്‍ സ്ഥിതിചെയ്യുന്നതും ജനസാന്ദ്രതയേറിയതുമായ വൈപ്പിന്‍ മണ്ഡലത്തില്‍ ഫയര്‍ സ്റ്റേഷന്‍ നിലവിലില്ലാത്ത കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അപകടങ്ങളില്‍ നിന്ന് ജനജീവിതം സുരക്ഷിതമാക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ</u>

2149 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ഫയർ സ്റ്റേഷൻ അനുവദിച്ചത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് പരിഗണിച്ച മുൻഗണനയും മാനദണ്ഡങ്ങളും എന്തെല്ലാമാണ് എന്നത് വ്യക്തമാക്കാമോ;

(സി) കൊയിലാണ്ടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൊയിലാണ്ടിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്നത് വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ നവീകരണം</u>

2150 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
'' എ. റ്റി. ജോർജ്
'' വി. പി. സജീന്ദ്രൻ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ പുതിയ രൂപത്തിൽ മുന്നോട്ടുകൊണ്ടു പോകാനും കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിജിലൻസ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>വിജിലൻസ് കേസുകളുടെ വിശദാംശങ്ങൾ</u>

2151

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിജിലൻസ് കോടതികളിലുണ്ടായിരുന്ന ഏതെങ്കിലും കേസുകൾ പിൻവലിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കേസുകൾ എന്ന് കേസിന്റെ നമ്പരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിജിലൻസ് അന്വേഷണം നടത്തിയ കേസുകൾ എത്ര; അതിൽ കോടതിയിലേക്ക് റഫർ ചെയ്യപ്പെട്ടവ എത്ര; അന്വേഷണം നടത്തിയതിനു ശേഷം തുടർനടപടി അവസാനിപ്പിച്ച കേസുകൾ എത്ര; ഓരോന്നിന്റെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ എത്ര വിജിലൻസ് കേസെടുത്തിട്ടുണ്ട്; ഓരോ കേസിന്റെയും വിശദാംശം സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>പിൻവലിച്ച വിജിലൻസ് കേസുകൾ</u>

2152 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം വിജിലൻസ് കേസുകളാണ് പിൻവലിക്കാൻ തീരുമാനിച്ചിട്ടുള്ളത്; ഓരോ കേസിലും പ്രധാന പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കേസുകൾ പിൻവലിക്കാനുള്ള തീരുമാനം വിജിലൻസ് കോടതികൾ തള്ളിയിട്ടുണ്ട്;

(സി) ഏതെല്ലാം കേസുകൾ പിൻവലിക്കാനുള്ള തീരുമാനം വിജിലൻസ് കോടതികൾ അനുവദിച്ചിട്ടുണ്ട്;

(ഡി) ഏതെല്ലാം വിജിലൻസ് കേസുകളാണ് നിലവിൽ പിൻവലിക്കുന്നതിന് കോടതിയുടെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

വനം വകുപ്പിൽ നിന്നും തുടർച്ചയായി ഗവേഷണാനുമതി നൽകിയതു സംബന്ധിച്ച വിജിലൻസ് അന്വേഷണം

2153 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിന്ന് തുടർച്ചയായി ഗവേഷണാനുമതി നൽകിയതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആരാണ് പരാതി നൽകിയത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആർക്കെതിരെയാണ് അന്വേഷണം നടത്തുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണ പരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ചക്കിട്ടപാറ ഇരുമ്പയിര് ഖനനം വിജിലൻസ് അന്വേഷണം</u>

2154

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചക്കിട്ടപാറ ഇരുമ്പയിർ ഖനനാനുമതി വിവാദവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>വിജിലൻസ് കേസുകളിൽ പ്രതിചേർക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ</u>

2155

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പോലീസ് ഉദ്യോഗസ്ഥർ വിജിലൻസ് കേസുകളിൽ പ്രതിചേർക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കൈക്കൂലി വാങ്ങുന്നതിനിടെ എത്ര പോലീസ് ഉദ്യോഗസ്ഥർ പിടിയിലായിട്ടുണ്ട് എന്നും അവർ ആരൊക്കെയാണെന്നും ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്തവരാണെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ജയിൽ പരിശോധനയും ജീവനക്കാരുടെ അഴിമതി തടയലും

2156 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും വിപുലീകരിക്കുന്നതിനും എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ജയിലുകളിൽ അഴിമതിയും കൈക്കൂലിയും സ്വജനപക്ഷപാതവും രാഷ്ട്രീയ പ്രവർത്തനവും വർദ്ധിച്ചുവരുന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജയിൽ ഉദ്യോഗസ്ഥരുടെ അഴിമതി കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജയിലുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ജയിൽചട്ടലംഘനങ്ങൾ</u>

2157 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജയിൽചട്ടങ്ങൾ ലംഘിച്ചതിന് തടവുകാരുടെ പേരിൽ പ്രത്യേക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>തടവുകാരുടെ ആശയവിനിമയ സൗകര്യം</u>

2158 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജയിലിൽ പാർപ്പിച്ചിരിക്കുന്ന തടവുകാർക്ക് പുറത്തേയ്ക്ക് കത്ത് എഴുതുവാനും ഫോൺ ചെയ്യുവാനും അനുവാദമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ശ്രീ. ആര്‍. ബാലകൃഷ്ണപിള്ളയുടെ ജയില്‍വാസം</u>

2159 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തടവുശിക്ഷ അനുഭവിക്കവേ മുന്‍മന്ത്രി ശ്രീ. ആര്‍. ബാലകൃഷ്ണപിള്ള എത്രദിവസം പോലീസ് കസ്റ്റഡിയില്‍ കഴിയുകയുണ്ടായി; പ്രസ്തുത വേളയില്‍ എത്ര തവണ അദ്ദേഹം ഫോണ്‍ വിളിച്ചതായി രേഖകള്‍ പുറത്തുവന്നു; മന്ത്രിമാര്‍, ഉദ്യോഗസ്ഥര്‍, ബന്ധുക്കള്‍ തുടങ്ങിയവരെ ഫോണില്‍ വിളിച്ചതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടായിരുന്നുവോ; ഇത് നിയമാനുസൃതമായിരുന്നുവോ; പോലീസ് ഇക്കാര്യത്തില്‍ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഇത് ഏതെല്ലാം നിയമവ്യവസ്ഥകളുടെ ലംഘനമായിരുന്നു;

(ബി) പോലീസ് കസ്റ്റഡിയില്‍ കഴിയുകയായിരുന്ന തടവുകാരനായ ബാലകൃഷ്ണപിള്ളയെ നേരില്‍വന്നുകണ്ട മന്ത്രിമാരും നിയമസഭാംഗങ്ങളും ഉദ്യോഗസ്ഥരും ആരൊക്കെയായിരുന്നു; ഭാര്യയും മക്കളും എത്ര തവണ നേരിട്ടുവന്ന് കാണുകയുണ്ടായി; ഇതിന്റെ പേരില്‍ എത്ര ജയില്‍ ജീവനക്കാരെയും പോലീസുകാരെയും സസ്പെന്‍ഡ് ചെയ്യുകയുണ്ടായി?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ടി. പി. വധക്കേസിലെ പ്രതികള്‍ ജയിലില്‍ മൊബൈല്‍ ഫോണ്‍, ഇന്റര്‍നെറ്റ്, മദ്യം എന്നിവ ഉപയോഗിച്ച സംഭവം

2160

ശ്രീ. വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടി. പി. ചന്ദ്രശേഖരന്‍ വധക്കേസിലെ പ്രതികള്‍ കോഴിക്കോട് ജില്ലാ ജയിലില്‍ മൊബൈല്‍ ഫോണ്‍, ഇന്റര്‍നെറ്റ്, മദ്യം എന്നിവ ഉപയോഗിച്ചത് കണ്ടെത്തിയ സാഹചര്യത്തില്‍ കുറ്റക്കാര്‍ക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(ബി) ഉദ്യോഗസ്ഥര്‍ക്ക് പുറമെ, ജയിലിന് പുറത്തുനിന്നുള്ള ആരെയെങ്കിലും ഈ കേസുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യുകയോ നിയമനടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ജയിൽ ജീവനക്കാരുടെ സ്ഥിതിവിവരകണക്കുകൾ

2161 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ എത്ര ഒഴിവുകളുണ്ടെന്നും അവ ഏതെല്ലാം വിഭാഗത്തിലാണെന്നും ഏതെല്ലാം ജയിലുകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം ഓരോ ജയിലിലും എത്ര തടവുകാർക്ക് എത്ര വാർഡൻമാർ എന്ന തോതിലാണ് നിയമനം നടത്തുന്നതെന്ന് അറിയിക്കുമോ;

(ഡി) ജയിൽ പുള്ളികളുടെ ബാഹുല്യം കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ജയിലുകളിലെ തസ്തികകൾ</u>

2162 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിലെ നിലവിലുള്ള തസ്തികൾ എത്ര;

(ബി) ഇതിൽ എത്ര തസ്തികകളിലാണ് സ്ഥിരനിയമനം നടത്തിയിട്ടുള്ളത്;

(സി) താത്കാലിക നിയമനം എത്രയാണ്;

(ഡി) സെൻട്രൽ ജയിൽ പോലുള്ള സ്ഥലങ്ങളിൽ പരിശീലനം ഇല്ലാത്തവരെ നിയമിക്കുന്നത് സുരക്ഷിതമാണോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ജയിൽ പരിഷ്കരണ പ്രവർത്തനങ്ങൾ</u>

2163 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ നടപ്പാക്കിയ ഭക്ഷണ ഉല്പാദന യൂണിറ്റുകളുടെ പ്രവർത്തനം ശ്ലാഘനീയമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജയിലുകളിലെ ഭക്ഷണ ഉല്പ്പാദന യൂണിറ്റുകളുടെ സ്തുത്യർഹമായ നടപ്പിലാക്കൽ വഴി സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിന് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥർക്ക് അർഹമായ പാരിതോഷികം നല്കുന്നതിന് തയ്യാറാകുമോ?